# മഹായാനം

വളരെയേറെ ഉയരമുള്ള ഒരു വ്രുക്ഷമായിരുന്നു അത്. അതിൻെറ ശാഖോപശാഖകൾ എല്ലാ ദിക്കിലേക്കും നിണ്ടുനിന്നു. ആ പുരയിടത്തിൻെറ മിക്കവാറും എല്ലാ ഭാഗത്തും അവ നിറഞ്ഞുനിന്നു. തുടക്കവും ഒടുക്കവുമില്ലാത്ത കാലത്തിൻെറ ചിറകടിപോലെ അതിൻെറ ഇലകൾ തുള്ളിക്കളിച്ചു.

അതിൻെറ നേരെ നോക്കിനിന്നപ്പോൾ പണ്ടെങ്ങോ കേട്ടുമറന്ന ശാന്തിമന്ത്രങ്ങൾ അവൻെറയുള്ളിൽ പുനർജനിച്ചു. ആ വ്രുക്ഷത്തിൻെറ പാദത്തിൽ അവൻെറ മനസ്സ് ആദരവോടെയും എളിമയോടെയും നമിച്ചുനിന്നപ്പോൾ കാലാതീതമായ ഉണ്മയുടെ കുളിർമ്മ തൻെറ സിരകളിൽ നിറഞ്ഞുനിൽക്കുന്നതായി അവനനുഭവപ്പെട്ടു. ആ അനുഭവം തികച്ചും പൂർണ്ണമായപ്പോൾ സ്വയം അറിയാതെ അവൻ ഉരുവിട്ടു.

“എത്ര മഹാനാണീ വ്രുക്ഷം. ഇത് നൂറ്റാണ്ടുകളുടെ ജനിമ്രുതികൾക്കുതന്നെ സാക്ഷിയായിരിക്കാം. ആദ്യത്തെ മനുഷ്യൻ ഭൂമിയിൽ നടന്നതുപോലും ഈ വ്രുക്ഷം കണ്ടിരിക്കാം. യഥാർഥഅതിശയം ഇതുതന്നെ.”

അവൻ ആരിൽനിന്നും ഒരു ഉത്തരം പ്രതീക്ഷിച്ചിരുന്നില്ല. ആ നിശ്ശബ്ദതയ്ക്ക് ഒരു ചെറിയ പോറൽ ഏൽക്കുന്നതുപോലും അവന് അസഹ്യമായിരുന്നു. അതുകൊണ്ടുതന്നെ സ്നേഹിതൻെറ ഉത്സാഹം നിറഞ്ഞ ശബ്ദം അവനെ അലോസരപ്പെടുത്തി.

“ആ മരം ഞങ്ങളുടേതാണ്. അതു വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇരുപത്തയ്യായിരം രൂപ വില പറഞ്ഞുകഴിഞ്ഞു. തടിക്കച്ചവടക്കാരൻ പറയുന്നത് അതു വിറകിനു മാത്രമേ പറ്റൂ എന്നാണ്. ഏതായാലും നാൽപ്പതിനായിരം എങ്കിലും കിട്ടിയാലേ അതുകൊടുക്കൂ. അതുകിട്ടുമെന്ന് തീർച്ചയാണ്. എന്നിട്ടുവേണം ഞങ്ങൾക്ക് ഒരു സെക്കൻഡ് ഹാൻഡ് കാർ വാങ്ങാൻ. കാറിന് അഡ്വാൻസ് കൊടുത്തുകഴിഞ്ഞു.”

“എന്നിട്ടുവേണം നമുക്കൊന്ന് അടിച്ചുപൊളിക്കാൻ.” മറ്റുകൂട്ടുകാർ അലറിവിളിച്ചു.

ആ കോലാഹലം കേട്ടപ്പോൾ വ്രുക്ഷത്തിലിരുന്ന പക്ഷികൾ, മുങ്ങുന്ന കപ്പലിൽനിന്നും യാത്രക്കാരെന്നോണം, വിവിധദിശകളിലേക്കു പറന്നകന്നു. എങ്കിലും അവ തങ്ങളുടെ അശക്തമായ പ്രതിഷേധം വിവിധ ശബ്ദങ്ങളിലൂടെ വ്യക്തമാക്കി. അതോടൊപ്പം മന്ദമായ ചിറകടികളിലൂടെ ആ വ്രുക്ഷത്തെ സമാശ്വസിപ്പിക്കാനും അവ മറന്നില്ല.

കോലാഹലങ്ങൾ അവനെ ശാന്തിയുടെ സമീപത്തുനിന്നു വലിച്ചകറ്റി. ഇപ്പോൾ താനും അവരിലൊരാളായിത്തീർന്നെന്ന് അവനു തോന്നി. തകർന്ന ഓടക്കുഴലിൻെറ വേദനയോടെ അവൻ സ്വയം ചോദിച്ചു:

‘ഞാനും സർവ്വനാശത്തിന്റെ സന്ദേശവാഹകനാകുകയാണോ?’

പക്ഷെ ആ വൃക്ഷം തന്റെ ആയിരം കണ്ണുകൾ ദൂരെയെങ്ങോ മറഞ്ഞുനിൽക്കുന്ന നക്ഷത്രങ്ങളിൽ ഉറപ്പിച്ചുകൊണ്ട് നിശ്ശബ്ദമായ പ്രാർഥനയോടെ തികച്ചും ശാന്തനായി ഒഴിവാക്കാനാകാത്ത ഏതോ ഒന്നിനുവേണ്ടി ക്ഷമയോടെ നിലകൊണ്ടു.

%%%%%%%%%%%%%%%%%%%%